<u>15 -ാം കേരള നിയമസഭ</u>

<u>4 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 991</u> <u>24-02-2022 - ൽ മറുപടിയ്ക്ക്</u>

<u>ജലജീവൻ മിഷൻ പദ്ധതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുമ്പോൾ സാമ്പത്തികമായി പ്രയാസം അനുഭവിക്കുന്ന പഞ്ചായത്തുകൾക്കും ഗുണഭോക്താക്കൾക്കും വിഹിതം നൽകുന്നതിൽ നിന്നും ഇളവുകൾ നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) | ഇപ്പോൾ പരിഗണനയിലില്ല. സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ജലജീവൻ മിഷൻ പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം പദ്ധതി ചെലവിന്റെ 15% തദ്ദേശ്ശ സ്വയംഭരണ സ്ഥാപനങ്ങളുടെ 10% ഗുണഭോക്താക്കളും വഹിക്കേണ്ടതുണ്ട്. തദ്ദേശ്ശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ബന്ധപ്പെട്ട ജില്ലാ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകൾക്ക് സംയുക്തമായി കണ്ടെത്താവുന്നതാണ്. കൂടാതെ ജല ജീവൻ മിഷൻ പദ്ധതി നടപ്പിലാക്കാനായി പഞ്ചായത്ത്വിഹിതവും ഗുണഭോക്തൃവിഹിതവും കണ്ടെത്തുവാൻ കഴിയാതെ വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എം.എൽ.എ മാരുടെ നിയോജകമണ്ഡല ആസ്തിവികസന ഫണ്ടിൽനിന്നും തുക അനുവദിക്കുന്നതിന് 10-08-2020 ലെ GO(Rt) No.4584/2020/Fin നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഇല്ലെങ്കിൽ ഇളവുകൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | ഇപ്പോൾ പരിഗണനയിലില്ല. സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ജലജീവൻ മിഷൻ പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം പദ്ധതി ചെലവിന്റെ 15% തദ്ദേശ്ശ സ്വയംഭരണ സ്ഥാപനങ്ങളുടെ 10% ഗുണഭോക്താക്കളും വഹിക്കേണ്ടതുണ്ട്. തദ്ദേശ്ശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ബന്ധപ്പെട്ട ജില്ലാ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകൾക്ക് സംയുക്തമായി കണ്ടെത്താവുന്നതാണ്. കൂടാതെ ജല ജീവൻ മിഷൻ പദ്ധതി നടപ്പിലാക്കാനായി പഞ്ചായത്ത്വിഹിതവും ഗുണഭോക്തൃവിഹിതവും കണ്ടെത്തുവാൻ കഴിയാതെ വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എം.എൽ.എ മാരുടെ നിയോജകമണ്ഡല ആസ്തിവികസന ഫണ്ടിൽനിന്നും തുക അനുവദിക്കുന്നതിന് 10-08-2020 ലെ GO(Rt) |

| | | | |
|---|---|---|---|
| | | | No.4584/2020/Fin നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ